# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5516** **02-11-2016-ൽ മറുപടിയ്ക്ക്**

## ഭാഗ്യക്കുറി വകുപ്പിനു കീഴിലെ ഏജന്റുമാർ

| | ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനു കീഴിൽ എത്ര ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ വൻകിട, ചെറുകിട ഏജന്റുമാർ എത്ര പേർ വീതമുണ്ട്; | (എ) | ഭാഗ്യക്കുറി വകുപ്പിൽ 35,237 അംഗീകൃത രജിസ്റ്റേർഡ് ഏജന്റുമാരുണ്ട്. ഇതിൽ പതിനായിരത്തിന് മുകളിൽ (30/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ) ടിക്കറ്റ് പർച്ചേയ്സ് ചെയ്യുന്ന ഏകദേശം 359 ഏജന്റുമാരുണ്ട്. |
| (ബി) | ഏജന്റുമാർക്ക് കൊടുക്കുന്ന കമ്മീഷൻ എത്ര ശതമാനമാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങുന്ന അംഗീകൃത ഏജന്റുമാർക്ക് 30/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 3 സ്ലാബുകളിലായി 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27%, 10,000 ടിക്കറ്റിന് മുകളിൽ 28% എന്ന നിരക്കിലും, 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 4000 ടിക്കറ്റുകൾ വരെ 28%, 4000 ടിക്കറ്റിന് മുകളിൽ 30% എന്ന നിരക്കിലും, ബമ്പർ ഭാഗ്യക്കുറികൾക്കും, നിർമ്മൽ ബൈവീക്കിലി ഭാഗ്യക്കുറിക്കും 1000 ടിക്കറ്റുകൾ വരെ 26%, 1000 ടിക്കറ്റിന് മുകളിൽ 28% നിരക്കിലും ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റീട്ടെയിൽ ഏജന്റുമാർക്ക് കച്ചവടത്തിനായി ആവശ്യാനുസരണം ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി കണക്കിലെടുത്ത് ഇവർക്ക് ആവശ്യാനുസരണം ടിക്കറ്റ് വിൽപനയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭ്യമാക്കുന്നതിനായി വിപണിയിലെ ഡിമാന്റിന് ആനുപാതികമായി ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നുണ്ട്. കൂടാതെ ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പു വരുത്തുന്നതിനായി കാലാകാലങ്ങളിൽ ടിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ/താലൂക്ക് ഭാഗ്യക്കുറി ഓഫീസർമാർക്ക് നൽകാറുണ്ട്. |
| (ഡി) | സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.